"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - 2018, 2019 വർഷങ്ങളിൽ കാപ്പക്സിൽ നാടൻ തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ടുണ്ടായ ആരോപണങ്ങളിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കാപ്പക്സ് കൊമേഴ്സ്യൽ മാനേജരായ ശ്രീ പി സന്തോഷ് കുമാറിനെതിരെ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണോദ്യോഗസ്ഥനായി ശ്രീ ബൈജു കുമാർ എസ്, ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ് -നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1097/2024/ID തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:-
1. വിജിലൻസ് (ബി) വകുപ്പിന്റെ 14/09/2023 തീയതിയിലെ VIG-B1/52/2022-VIG നമ്പർ കത്ത്.
2. കാപ്പക്സ് കൊമേഴ്സ്യൽ മാനേജർ ശ്രീ സന്തോഷ് കുമാർ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ച 25/03/2024 തീയതിയിലെ മറുപടി.

**<u>ഉത്തരവ്</u>**

2018, 2019 വർഷങ്ങളിൽ കാപ്പക്സിൽ നാടൻ തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ടുണ്ടായ ആരോപണങ്ങളിന്മേൽ CAPEX -ന്റെ കൊല്ലത്തെ ഹെഡ് ഓഫീസിലും ഫാക്ടറികളിലും ധനകാര്യ പരിശോധനാ എൻ.റ്റി - എ വിഭാഗം പരിശോധന നടത്തി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാപ്പക്സ് മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ ആർ.രാജേഷിനെ സസ്പെൻഡ് ചെയ്യുകയും ആരോപണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ 2 -ാമത് ശിപാർശ പ്രകാരം കാപ്പക്സ് കൊമേഴ്സ്യൽ മാനേജരായ ശ്രീ പി സന്തോഷ് കുമാറിനെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. അത് പ്രകാരം ശ്രീ സന്തോഷ് കുമാറിന് സർക്കാർ നൽകിയ കത്തിന് ടിയാൻ പരാമർശം 2 പ്രകാരം വിശദീകരണം ലഭ്യമാക്കുകയുണ്ടായി.

2) മേൽ സാഹചര്യത്തിൽ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ കാപ്പെക്സ് കൊമേഴ്സ്യൽ മാനേജരായ ശ്രീ. സന്തോഷ് കുമാറിനെതിരെ പരമർശിച്ചിട്ടുള്ളതു പ്രകാരം അധിക ഉപജീവനബത്ത നൽകിയതിലും, കരാറിന് വിരുദ്ധമായി ട്രേഡിംഗ് കമ്പനിയുടെ അക്കൗണ്ടിലേയ്ക്ക് തുക വകമാറ്റിയതും സംബന്ധിച്ച് , ആയതിന് ടിയാൻ സർക്കാരിൽ സമർപ്പിച്ച വിശദീകരണവും ടി സ്ഥാപനത്തിലെ ബന്ധപ്പെട്ട ഫയലുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വിശദമായ റിപ്പോർട്ട് വ്യക്തമായ ശുപാർശ സഹിതം സമർപ്പിക്കുന്നതിന് ശ്രീ. ബൈജുകുമാർ എസ്,

ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ് -നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കാപ്പെക്സ്, കൊല്ലം.
ശ്രീ ബൈജു കുമാർ എസ്, ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ്
ശ്രീ പി സന്തോഷ് കുമാർ, കൊമേഴ്ഷ്യൽ മാനേജർ, കാപ്പക്സ്, കൊല്ലം.
പ്രിൻസിപ്പൽ എ.ജി. (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം.
വിജിലൻസ് (ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ (ഫയൽ നം. കെ2/192/2021/വ്യവ.)

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
സെക്ഷൻ ഓഫീസർ
Date: 18-11-2024 15:28:46

<u>പകർപ്പ്::-</u>
ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി. എസ് -ന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.